# FIFTEENTH KERALA LEGISLATIVE ASSEMBLY

Fifth Session

## BULLETIN —PART I

(Brief Record of Proceedings)

*Tuesday, July 12, 2022*

**No. 69**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Local Self Government, Rural Development and Excise, the Speaker withheld consent to the moving of an adjournment motion given notice of by Shri Najeeb Kanthapuram and five other Members regarding the serious situation reported to have arisen consequent to the cut in the amount allocated to the local bodies in the budget 2022-23 and the final annual plan of the local bodies not being formulated even after the completion of three months in the financial year.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout.)

*Calling Attention :*

1) Shri T. P. Ramakrishnan called the attention of the Minister for General Education and Labour to the necessity to take steps by the State Government to protect the interest of labourers in the event of the four labour codes of the Central Government, which nubbed the crux of the labour laws, coming into effect from July 2022. The Minister made a statement thereto.

2) Shri A. P. Anil Kumar called the attention of the Minister for Health and Woman and Child Development to the necessity to strengthen the actions of the Food Safety Department in the wake of reported continuous food poisoning cases in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്തിൽ സി.ബി.ഐ. അന്വേഷണം | ക്രമപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. |
| (The Speaker informed the House that the first notice listed under Rule 304 wasnot in order. In protest against this, Members belonging to the opposition staged a walkout.) | | | |
| 2 | ശ്രീ. കെ. ആൻസലൻ | MLA ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന സർക്കാർ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. ലിന്റോ ജോസഫ് | തിരുവമ്പാടിയിൽ റവന്യൂ രേഖകളിൽ തോട്ടഭൂമി എന്ന് തെറ്റായി രേഖപ്പെടുത്തിയതു മൂലം ഭൂവുടമകൾക്കുള്ള പ്രയാസങ്ങൾ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. എസ്. സുപാൽ | അഗതി കേന്ദ്രങ്ങളിലേക്ക് സൗജന്യ നിരക്കിൽ നൽകിയിരുന്ന ഭക്ഷ്യ വസ്തുക്കളുടെ വിതരണം പുനഃസ്ഥാപിക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 5 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. കെ. എം. സച്ചിൻദേവ് | സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പദ്ധതി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. വിഷ്ണുനാഥ് | പള്ളിമുക്ക് ഇളമ്പള്ളൂർ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിങ് | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. അബ്ദുൽ ഹമീദ് | തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കഴി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. അനൂപ് ജേക്കബ് | പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണവും | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

(i) The Periodical Report from 1st April 2021 to 31st March 2022 and the Report on the action taken on the First report regarding the scrutiny of demands for grants for the year 2021-2022 of the Subject Committee - VI were presented.

(ii) The Fourth and Fifth reports of the Committee on the Welfare of Non-resident Keralites were presented.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2022-23

Shri G. R. Anil, Minister for Food and Civil Supplies moved Demand No. XXX - Food and Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved Demand No. XXXI - Animal Husbandry and Demand No. XXXII - Dairy for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demand Nos. XXX, XXXI and XXXII.

The cut motion Nos. 1, 2, 4, 5, 7, 8, 11, 14, 15, 18, 19, 22, 23, 24, 26, 29, 31, 32, 35 in the list of cut motions for Demand No. XXX, cut motion Nos. 4, 5, 6, 8, 9, 12, 13, 17, 19, 20, 23, 24, 25, 26, 28, 29, 32, 33, 35, 36 in the list of cut motions for Demand No. XXXI and cut motion Nos. 1, 2, 3, 6, 7, 8, 10, 11, 14, 15, 16, 18, 22, 23, 25, 27, 29, 32, 33, 34, 35 in the list of cut motions for Demand No. XXXII were moved.

The following members took part in the discussion;

Shri D. K. Murali

Shri Eldose P. Kunnappillil

Shri E. Chandrasekharan

Shri N. A. Nellikkunnu

Smt. Santhakumari K.

Shri Job Maichil

Shri P. Mammikutty

Shri Roji M. John

Shri P. V. Anvar

Shri G. Steephen

Shri Ramachandran Kadannappalli

Shri M. Noushad

Shri Najeeb Kanthapuram

Shri G. S. Jayalal

Shri K. D. Prasenan

Shri Sunny Joseph.

Shri G. R. Anil, Minister for Food and Civil Supplies and Smt. J. Chinchurani, Minister for Animal Husbandry and Dairy Development replied to the points raised during the discussion. The cut motions were declared lost. Then the Demand Nos. XXX, XXXI and XXXII were put to vote and passed.

The House adjourned at 3.44 p.m. to meet again at 9.00 a.m on Wednesday, July 13, 2022.

KAVITHA UNNITHAN,
*Secretary-in-Charge.*

# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ജൂലൈ 12, ചൊവ്വ

**നമ്പർ 69**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

2022-23 ബജറ്റിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നീക്കിവെച്ച തുക വെട്ടിക്കുറച്ചതായും സാമ്പത്തിക വർഷം ആരംഭിച്ച് മൂന്ന് മാസങ്ങൾ പിന്നിട്ടിട്ടും തദ്ദേശ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതി രൂപീകരിക്കാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. നജീബ് കാന്തപുരവും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ:

1) തൊഴിൽ നിയമങ്ങളുടെ അന്തഃസത്ത ചോർത്തികൊണ്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന നാല് തൊഴിൽ നിയമങ്ങൾ 2022 ജൂലൈ മാസം മുതൽ പ്രാബല്യത്തിലാകുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ നടപടി എടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. പി. രാമകൃഷ്ണൻ പൊതുവിദ്യാഭ്യാസ– തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.879/2022(i).

2) സംസ്ഥാനത്ത് തുടർച്ചയായി ഭക്ഷ്യവിഷബാധയുണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. പി. അനിൽ കുമാർ ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്തിൽ സി.ബി.ഐ. അന്വേഷണം | ക്രമപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. |
| (ചട്ടം 304 പ്രകാരമുള്ള ആദ്യ നോട്ടീസ് ക്രമപ്രകാരമല്ലെന്ന് സ്പീക്കർ സഭയെ അറിയിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.) | | | |
| 2 | ശ്രീ. കെ. ആൻസലൻ | MLA ഫണ്ട് ഉപയോഗിച്ചു വാങ്ങുന്ന സർക്കാർ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. ലിന്റോ ജോസഫ് | തിരുവമ്പാടിയിൽ റവന്യൂ രേഖകളിൽ തോട്ടഭൂമി എന്ന് തെറ്റായിരേഖപ്പെടുത്തിയതുമൂലം ഭൂവുടമകൾക്കുള്ള പ്രയാസങ്ങൾ | റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. എസ്. സുപാൽ | അഗതി കേന്ദ്രങ്ങളിലേക്ക് സൗജന്യ നിരക്കിൽ നൽകിയിരുന്ന ഭക്ഷ്യ വസ്തുക്കളുടെ വിതരണം പുനഃസ്ഥാപിക്കുന്നതിന് നടപടി | ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി |
| 5 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം | പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. കെ. എം. സച്ചിൻദേവ് | സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പദ്ധതി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. സി. വിഷ്ണുനാഥ് | പള്ളിമുക്ക് ഇളമ്പള്ളൂർ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിങ് | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. അബ്ദുൽ ഹമീദ് | തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കഴി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. അനൂപ് ജേക്കബ് | പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണവും | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) സബ്ജക്ട് കമ്മിറ്റി VI - ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

ii) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>ധനകാര്യം</u>:

<u>2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഭക്ഷ്യം എന്ന XXX - ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും, മൃഗസംരക്ഷണം എന്ന XXXI - ാം നമ്പർ ധനാഭ്യർത്ഥന, ക്ഷീരവികസനം എന്ന XXXII - ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XXX -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 7, 8, 11, 14, 15, 18, 19, 22, 23, 24, 26, 29, 31, 32, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 5, 6, 8, 9, 12, 13, 17, 19, 20, 23, 24, 25, 26, 28, 29, 32, 33, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 6, 7, 8, 10, 11, 14, 15, 16, 18, 22, 23, 25, 27, 29, 32, 33, 34, 35 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ഡി. കെ. മുരളി

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. വി. അൻവർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എം. നൗഷാദ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. സണ്ണി ജോസഫ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണിയും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXX, XXXI, XXXII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2022 ജൂലൈ 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.44 - ന് സഭ പിരിഞ്ഞു.

കവിത ഉണ്ണിത്താൻ,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*